# പതിനാലാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1521 03.12.2018-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികൾക്ക് കേന്ദ്ര സഹായത്തോടെ വീട്

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) സ്വന്തമായി വീടില്ലാത്ത 5 സെന്റ് സ്ഥലം ഉള്ള മത്സ്യത്തൊഴിലാളികൾക്ക് കേന്ദ്രസർക്കാർ സഹായത്തോടെ രണ്ട് ലക്ഷം രൂപ വീട് നിർമ്മിക്കുന്നതിനായി അനുവദിക്കുന്ന പദ്ധതി മുൻ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന യൂണിറ്റ് കോസ്റ്റിന്റെ 50% മാണ് കേന്ദ്ര സഹായം. യൂണിറ്റ് കോസ്റ്റ് 2012 മുതൽ 14 വരെ 50000 രൂപയും, 2014-16 കാലയളവിൽ 75000/- രൂപയും 2016-17 മുതൽ 1,20,000/-രൂപയുമാണ്. യൂണിറ്റ് കോസ്റ്റിന് പുറമേയുള്ള തുക സംസ്ഥാന സർക്കാർ അധികധനസഹായമായി അനുവദിച്ചതാണ്. 2017-18 വർഷം മുതൽ സംസ്ഥാന സർക്കാർ ഭവന നിർമ്മാണത്തിന് നൽകുന്ന ധനസഹായ തുക 2 ലക്ഷത്തിൽ നിന്നും 4 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. |
| ബി) പദ്ധതി പ്രകാരം 2011-16 കാലയളവിൽ എത്രപേർക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകിയെന്ന് വ്യക്തമാക്കാമോ; | ബി) 2011-16 കാലയളവിൽ കേന്ദ്ര സഹായത്തോടെ നടപ്പാക്കിയ എൻ.എഫ്.ഡബ്ല്യൂ.എഫ് ഭവന പദ്ധതി പ്രകാരം 2398 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| സി) പ്രസ്തുത പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ സർക്കാരിന്റെ കാലയളവിൽ ഇതുവരെ എത്ര മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം അനുവദിച്ചു; വ്യക്തമാക്കാമോ? | സി) ഉണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ കേന്ദ്ര സർക്കാർ ധനസഹായത്തോടെ ബ്ലൂറവല്യൂഷൻ (2016-17) പദ്ധതിയിൽ ഉൾപ്പെടുത്തി 299 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചു വരുന്നു. 2017-18, 2018-19 വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം കേന്ദ്ര സഹായം ലഭ്യമായിട്ടില്ല. |

സെക്ഷൻ ആഫീസർ